# ഉണർവ്

## കുരുവട്ടൂർ വെസ്റ്റ് എ.എൽ.പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ഉപജില്ല - കുന്ദമംഗലം
വിദ്യാഭ്യാസജില്ല - താമരശ്ശേരി
ജില്ല - കോഴിക്കോട്

2025 - 26

## ആമുഖം.

## സ്കൂൾ ചരിത്രം.

ഭൂമിശാസ്ത്രപരമായ കിടപ്പ് - കക്കോടി പഞ്ചായത്തിൽ 12ാം വാർഡിൽ 24ാം നമ്പർ കെട്ടിടത്തിൽ കുരുവട്ടൂർ വെസ്റ്റ് എ.എൽ.പി സ്കൂൾ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പടിഞ്ഞാറ്റുമുറി അംശം കിഴക്കുമുറി ദേശത്തെ പറമ്പക്കുന്നിന്റെ കിഴക്കുഭാഗം മുതൽ തെക്കുവശത്തായും തെക്കുഭാഗവും പൊട്ടംമുറിയുടെ വടക്കേഭാഗവും കുരുവട്ടൂർ പഞ്ചായത്തിന്റെ അതിർത്തിയായ [illegible] പ്രദേശത്തിന്റെ പടിഞ്ഞാറു ഭാഗത്തിനും ഇടയിൽ സ്ഥിതിചെയ്യുന്നു. കിഴക്കുവശത്ത് കുരുവട്ടൂർ AUP സ്കൂളും വടക്ക് ഭാഗത്ത് മുണ്ണിയൽ AMLP സ്കൂൾ, പടിഞ്ഞാറ് പാലത്ത് ALP സ്കൂൾ, പടിഞ്ഞാറ്റുമുറി GUP സ്കൂൾ എന്നിവ സ്ഥിതിചെയ്യുന്നു.

## ചരിത്രപരമായ പരിശോധന.

1918ൽ കുരുവട്ടൂർ എലിമെന്ററി ഗേൾസ് സ്കൂൾ സ്ഥാപിതമായി. ഗേൾസ് സ്കൂളായി തുടങ്ങിയ ഈ വിദ്യാലയത്തിൽ 5ാം തരം വരെ ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മദാമ്മമാരായിരുന്നു ഇൻസ്പെക്ഷന് വരാനുണ്ടായിരുന്നത്.

1940ൽ സ്കൂളിന്റെ പേര് കുരുവട്ടൂർ എലിമെന്ററി എൽ.പി. സ്കൂൾ എന്നാക്കി മാറ്റി.

ആദ്യ വിദ്യാർത്ഥി മണ്ണാറത്ത് കുഞ്ഞിക്കുട്ടൻ. ഇപ്പോഴത്തെ മാനേജരായ ശ്രീ. Y.M. അശോകൻ ഗുരുക്കളുടെ അമ്മ ശ്രീമതി കല്യാണിഅമ്മ ആയിരുന്നു സ്കൂളിന്റെ ആദ്യ ഹെഡ്മിസ്ട്രസ്. 1983 ൽ ആദ്യ PTA ചേർന്നു. അന്നത്തെ PTA പ്രസിഡന്റ് ശ്രീ. മാധവൻ നായർ ആയിരുന്നു. ശ്രീമതി. പി. സുമംഗല ടീച്ചറാണ് സ്കൂളിന്റെ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്. ശ്രീ. C.T. വിനോദ് PTA പ്രസിഡന്റും. കുന്ദമംഗലം ഉപജില്ലയിൽ കക്കോടി പഞ്ചായത്തിൽപ്പെട്ട ഏക വിദ്യാഭ്യാസ സ്ഥാപനമാണ് ഈ വിദ്യാലയം.

സാമൂഹിക വ്യവസ്ഥ.

ആദ്യകാല വിദ്യാർത്ഥികൾ ഹരിജൻ, ചാലിയ മുസ്ലീം, നായർ, തിയ്യ സമുദായത്തിൽപ്പെട്ടവരായിരുന്നു. ജന്മിത്ത വ്യവസ്ഥിതി, അയിത്തം തുടങ്ങിയവ നിലനിന്നിരുന്ന കാലത്ത് വിദ്യാഭ്യാസപരമായി പിന്നാക്കം നിന്നിരുന്ന ഈ പ്രദേശത്ത് അക്ഷരവെളിച്ചം നൽകാൻ സ്ഥാപിതമായ ഏക വിദ്യാലയമാണിത്.

സ്കൂളിൽ പഠന പുരോഗതി നടന്നു വരുന്നുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് ആശങ്കാജനകമാണ്. 1999 ൽ - കക്കൂസ്, 2002 ൽ കഞ്ഞിപ്പുര കമ്പ്യൂട്ടർ ലാബ്, 2005 ൽ കിണർ 2001-2 ൽ SSA ഫണ്ട് etc ഉപയോഗിച്ചു തുടങ്ങി 2016-17 ൽ KG സെക്ഷൻ തുടങ്ങി. 2016-17 ൽ ക്ലാസ് മുറി ടൈൽ വർക്ക് തുടങ്ങി. 2017 മെയ് മാസത്തോടെ പണി പൂർത്തിയായി. സ്ഥിരമായി ഓഫീസ് റൂം സ്ഥിതി [illegible] ഭംഗിയാക്കി. 2017-18 ജൂലൈ ആദ്യത്തോടെ ഗ്യാസ് കണക്ഷൻ ലഭിച്ചു. 17 മെയ് മാസം WIFI കണക്ഷനും ലഭിച്ചു

# മലയാളം

| ക്രമ നമ്പർ | പഠന നേട്ടം | പ്രവർത്തനം | കാലായളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• ചിത്രം- അടിക്കുറിപ്പ്<br>• ചിത്രം - കഥപറയൽ<br>• ചിത്രം - കഥയെഴുതൽ<br>• വർക്ക്ഷീറ്റ് നൽകൽ<br>• കഥ - ബാക്കിയെഴുതൽ<br>• കഥാ പുസ്തകം നൽകൽ (ചങ്ങല വായന) | ജൂൺ - ജൂലൈ | CPTA | BRC<br>സയൻസ് അൻ. ജി. |
| 2. | കുട്ടികളെ മികച്ച വായനക്കാരനാക്കുക. (വായനോത്സവം) | • ഞാൻ വായിച്ച പുസ്തകം (ചർച്ച)<br>• അമ്മവായന<br>• പത്രവായന - ക്വിസ്<br>• വായനാമത്സരം (റീഡേഴ്സ് തിയേറ്റർ)<br>• ഇ - വായന<br>• സമീപ ഗ്രന്ഥശാല അംഗത്വം | 6 മാസം | PTA<br>• പൂർവ്വ വിദ്യാർത്ഥി സംഘടന<br>• വായനശാല | MPTA<br>SRG<br>വിദ്യാരംഗം<br>ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. (എഴുത്താണി) | • വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കുക.<br>• പതിപ്പുകൾ തയ്യാറാക്കുക.<br>• സർഗാത്മക ഡയറി<br>• പത്രകട്ടിംഗ്സ് വാർത്ത തയ്യാറാക്കുക<br>• ചിത്രം നോക്കി കഥ/കവിത തയ്യാറാക്കുക.<br>• സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ. | വർഷം മുഴുവൻ | CPTA<br>PTA | വിദ്യാരംഗം ക്ലാസ് ടീച്ചർ |

# പരിസരപഠനം

| Sl No | പഠനേട്ടം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കൽ<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>• ജീവികളുടെ പരസ്പരാശ്രയം ചർച്ച<br>• പ്രകൃതിക്ക് ഭീഷണിയാവുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്താം. | ജൂൺ-ഒക്ടോബർ | ക്ലാസ്ടീച്ചർ<br>SRG<br>HM | PTA<br>SSG |
| 2. | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും സംരക്ഷിക്കുന്നതിനും അവസരമൊരുക്കുക | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• സ്കൂൾ പൂന്തോട്ടം ഒരുക്കൽ<br>നിലവിലുള്ള തിന്ന പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ-മാർച്ച് | പരിസ്ഥിതി ക്ലബ്ബ് | PTA<br>ത്രിതലപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 3 | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും വളർത്തുക. | ദിനാചരണങ്ങൾ<br>• കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും ശുചീകരണ പരിശോധന ചുമതല ഓരോ ഗ്രൂപ്പിനും നൽകുന്നു.<br>• ക്ലാസ് തല ശുചിത്വ മത്സരം | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ<br>ശുചിത്വ ക്ലബ്ബ്<br>HM | PTA<br>SSG |
| 4 | ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം വളർത്തുക | പരീക്ഷണങ്ങൾ<br>• ~~കുട്ടിക~~ ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ പങ്കെടുക്കൽ | ജൂൺ-മാർച്ച് | | |
| | | • ശാസ്ത്രജ്ഞന്മാരോടൊപ്പം<br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കൽ<br>ഫീൽഡ് ട്രിപ്പ് | ഓഗസ്റ്റ് | ശാസ്ത്ര ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>HM | പിടിഎ<br>SSG. |
| | | • പ്ലാനിറ്റോറിയം സന്ദർശനം<br>ക്യാമ്പ് | ഡിസംബർ-ഫെബ്രുവരി | | |
| | | പക്ഷിനിരീക്ഷണത്തിന് അവസരമൊരുക്കൽ | ഡിസംബർ-ജനുവരി. | | |

# ഗണിതം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | കുട്ടികളുടെ നിലവാരം അറിയുക | Pre text | ജൂൺ ആദ്യ വാരം | PTA | ക്ലാസ് ടീച്ചർ |
| 2 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കുക | രക്ഷിതാക്കളുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങൾ നിർമ്മിക്കുക | ഓരോ ടേമിലും ഒന്ന് എന്ന രീതിയിൽ | PTA | CPTA<br>ക്ലാസ് ടീച്ചർ<br>SRG |
| 3. | നിത്യ ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | സ്കൂൾ സ്റ്റോർ ഒരുക്കൽ<br>ഉച്ചഭക്ഷണ ചുമതല ഓരോ ഗ്രൂപ്പിനും നൽകുന്നു.<br>സ്കൂളിലും ക്ലാസിലും നടക്കുന്ന വിവിധ പരിപാടികളുടെ കണക്കുകൾ കൈകാര്യം ചെയ്യൽ<br>ഓണാഘോഷം<br>പുതുവത്സരാഘോഷം<br>പഠനയാത്ര<br>വാർഷികാഘോഷം. | ജൂൺ - മാർച്ച് | PTA | ക്ലാസ് ടീച്ചർ<br>കുട്ടികളുടെ ക്ലാസ് ഗ്രൂപ്പ്<br>നൂൺ മീൽസ് ടീച്ചർ<br>HM<br>PTA |

| | | | | | |
|---|---|---|---|---|---|
| 3. | ഗണിതശേഷികളുടെ പ്രകടനം | • നാലക്ക സംഖ്യ കാർഡുകൾ<br>• പാറ്റേൺ<br>• ക്ലോക്ക്<br>• കലണ്ടർ<br>• പ്രദർശനങ്ങൾ | ഒന്നാംടേം | PTA | ക്ലാസ്ടീച്ചർ<br>SRG |

# ENGLISH

| Sl No | Programme | Activity | Materials | Duration | Support |
| --- | --- | --- | --- | --- | --- |
| 1 | To speak and read English | • Pre test<br>• Reading cards reading<br>• Games<br>• self introduction<br>• Story telling<br>• picture Reading. | Reading card<br>story book | June - August | PTA<br>BRC<br>SSK |
| 2 | To read and write | • Reading cards<br>• Reading Library books<br>• making growing setences<br>• picture reading<br>• writing picture description<br>• words chain making<br>• Hello English activities<br>• Giving worksheets. | Reading card<br>story books<br>worksheets<br>Picture | september December | PTA<br>BRC<br>SSK |
| 3. | To Read Speak and writing | • Reading competition<br>• English Assembly<br>• Speech competition<br>• Reading library books | Reading card, story books | october. march | PTA |